# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം: 3303 | 29.01.2014 -ൽ മറുപടി നൽകേണ്ടത്

## നഗരങ്ങളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ജി. സുധാകരൻ :** | | **ശ്രീ. മഞ്ഞളാംകുഴി അലി**<br>**നഗരകാര്യവും ന്യൂനപക്ഷക്ഷേമവും**<br>**വകുപ്പു മന്ത്രി** | |
| (എ) | നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും സമഗ്ര വികസനം ലക്ഷ്യം വെച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികൾ പൂർത്തിയായോ ; ഇല്ലെങ്കിൽ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; | (എ) | നഗരങ്ങളുടെയും കോർപ്പറേഷനുകളുടെയും സമഗ്രവികസനം ലക്ഷ്യവെച്ച് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികളുടെ ഭാഗമായി ആദ്യഘട്ടത്തിൽ 32 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കാനാണ് ലക്ഷ്യമിട്ടത്. ഇവയിൽ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിച്ച് സർക്കാർ അംഗീകാരം ലഭിച്ചുകഴിഞ്ഞു. കൂടാതെ പൂർത്തീകരിച്ച 21 മാസ്റ്റർ പ്ലാനുകൾ സ്റ്റാറ്റ്യൂട്ടറി പ്രോസസിംഗിന്റെ വിവിധ ഘട്ടങ്ങളിലാണ്. 5 പ്ലാനുകൾ അതത് നഗരസഭകളുമായുള്ള ചർച്ചകളുടെ അ ടിസ്ഥാനത്തിൽ അന്തിമമാക്കിക്കൊണ്ടിരിക്കുന്നു.<br><br>രണ്ടാം ഘട്ടത്തിൽ 29 പട്ടണങ്ങളുടെ വികസന രൂപരേഖ തയ്യാറാക്കാൻ നടപടികൾ നടന്നുവരുന്നു. സമയബന്ധിതമായി ഈ പട്ടണങ്ങളുടെ മാസ്റ്റർ പ്ലാനുകൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.<br><br>മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു. |

**ഒന്നാം ഘട്ടത്തിലെ നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രവർത്തന വിവരം**

**I സർക്കാർ അംഗീകാരം ലഭിച്ച പ്ലാനുകൾ**

പരവൂർ (കൊല്ലം ജില്ല), ചങ്ങനാശ്ശേരി, വൈക്കം, തലശ്ശേരി, മലപ്പുറം

**II ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ വേണ്ടി കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ച നഗരസഭകൾ**

കൊല്ലം, അടൂർ, കണ്ണൂർ, തിരുവനന്തപുരം, നോർത്ത് പരവൂർ, തൃശൂർ, ഗുരുവായൂർ, കാസർഗോഡ്, മൂവാറ്റുപുഴ, കൽപ്പറ്റ, പാല, പത്തനംതിട്ട.

**III കരട് പ്ലാനുകൾ പൂർത്തീകരിച്ച് അംഗീകാരത്തിനായി മുനിസിപ്പാലിറ്റികൾക്ക് സമർപ്പിച്ചവ**

**1. ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാൻ വേണ്ടി കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിക്കാൻ സർക്കാരിൽ നിന്നും അനുമതി ലഭിച്ചവ**

കോതമംഗലം, വടകര

**2. പ്രസിദ്ധീകരണാനുമതിക്കായി സർക്കാരിൽ സമർപ്പിച്ചത്**

പാലക്കാട്

**3. വകുപ്പുതലത്തിൽ കരട് പ്ലാൻ തയ്യാറാക്കി JTPC/ മുനിസിപ്പാലിറ്റികളുടെ അംഗീകാരത്തിനായി സമർപ്പിച്ചവ**

കൊച്ചി (കൊച്ചി കോർപ്പറേഷൻ + തൃപ്പൂണിത്തുറ, കളമശ്ശേരി, മരട്, തൃക്കാക്കര, ഏലൂർ നഗരസഭകളും ഗ്രാമപഞ്ചായത്തുകളും), പെരുമ്പാവൂർ, തിരുവല്ല, കായംകുളം, കോഴിക്കോട്, കോട്ടയം

**IV കരട് പ്ലാനുകൾ വകുപ്പുതലത്തിൽ പൂർത്തിയാക്കിയവ/നഗരസഭകളുടെ ചർച്ചയുടെ അടിസ്ഥാനത്തിൽ അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ**

തൊടുപുഴ, ആലപ്പുഴ, നെയ്യാറ്റിൻകര, ആലുവ, അങ്കമാലി

ഇതുകൂടാതെ ഇടുക്കിയുടെ മാസ്റ്റർ പ്ലാൻ റിവിഷനും (മരിയാപുരം, വാഴത്തോപ്പ് പഞ്ചായത്തുകൾക്ക് പ്രത്യേകം പ്ലാൻ) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഓർഡിനൻസ് 2013 അനുസരിച്ചുള്ള നടപടികൾ രൂപീകരിച്ചുകൊണ്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞിട്ടുള്ളത് പഴയ നിയമപ്രകാരമുള്ള സ്റ്റാറ്റസാണ്.

രണ്ടാം ഘട്ടത്തിലെ നഗരസഭകളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രവർത്തന വിവരം

I കരട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയവ (നഗരസഭയുമായി ചർച്ച ചെയ്ത് അന്തിമമാക്കിക്കൊണ്ടിരിക്കുന്നവ)
പെരിന്തൽമണ്ണ, കുന്നംകുളം, സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത്, കൊയിലാണ്ടി

II തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്ലാനുകൾ

1. കൺസപ്റ്റ് പ്ലാൻ തയ്യാറാക്കിയവ

കരുനാഗപ്പള്ളി, കൊടുങ്ങല്ലൂർ, ഷൊർണൂർ, മട്ടന്നൂർ, തളിപ്പറമ്പ്, ഒറ്റപ്പാലം, കാഞ്ഞങ്ങാട്,

2. പഠനവിശകലനങ്ങൾ പൂർത്തീകരിച്ചവ

ചാലക്കുടി, തിരൂർ, പൊന്നാനി, ചിറ്റൂർ തത്തമംഗലം.

3. വിവര ശേഖരണം പൂർത്തിയാക്കി, വിവര വിശകലനം പുരോഗമിക്കുന്നവ

നെടുമങ്ങാട്, പുനലൂർ, ചേർത്തല, പന്തളം (ഗ്രാമപഞ്ചായത്ത്), ചാവക്കാട്, ഇരിഞ്ഞാലക്കുട, പയ്യന്നൂർ

4. വിവരശേഖരണ ഘട്ടങ്ങളിലുള്ളവ

ആറ്റിങ്ങൽ, വർക്കല, ചെങ്ങന്നൂർ, മാവേലിക്കര, നിലമ്പൂർ, കോട്ടയ്ക്കൽ, മഞ്ചേരി, കൂത്തുപറമ്പ്, നീലേശ്വരം

---

| | | | |
|---|---|---|---|
| (ബി) | ഏതൊക്കെ നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന നടപടികളാണ് നടന്നു വരുന്നത് ; | (ബി) | പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ നഗരസഭകൾക്കും മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | എത്ര വർഷത്തെ വികസന ലക്ഷ്യം കണക്കിലെടുത്താണ് നഗരങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതെന്ന് വിശദമാക്കുമോ ? | (സി) | 15-20 വർഷ പരിപ്രേക്ഷ്യത്തോടെയാണ് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ

41